# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in


No. 221 /PR/PIC/2018 Date :29.08.2018

## പോലീസിന് അനുമോദനം

പ്രളയക്കെടുതിയിൽ ഉൾപ്പെട്ടുപോയവരുടെ ജീവൻ രക്ഷിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ പങ്കു വഹിച്ച കേരള പോലീസിന് അനുമോദനവുമായി വ്യാപാരി വ്യവസായി പ്രതിനിധികൾ പോലീസ് ആസ്ഥാനത്ത് എത്തി. മികച്ച പ്രവർത്തനത്തിന്റെ അംഗീകാരമായി പോലീസിനുള്ള മെമന്റോ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയ്ക്കു കൈമാറി.

സമൂഹമാകെ ഒറ്റക്കെട്ടായി നടത്തിയ രക്ഷാ പ്രവർത്തനത്തിൽ പോലീസ് സ്വീകരിച്ച ഏകോപന നടപടികൾ ജീവഹാനിയും നാശനഷ്ടവും കുറക്കുന്നതിന് സഹായിച്ചുവെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് പെരിങ്ങമ്മല രാമചന്ദ്രൻ പറഞ്ഞു. ദുരന്തമേഖലകളിലെ 12 ലക്ഷത്തോളം പേരെ 3300 ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുന്നതിലും ക്യാമ്പുകളിലുൾപ്പെടെ സുരക്ഷ ഉറപ്പാക്കുന്നതിലും പോലീസ് മാതൃകാപരമായ പങ്കുവഹിച്ചു. പുനരധിവാസ പ്രവർത്തനങ്ങളിലും പോലീസ് വലിയ പങ്കു വഹിക്കുന്നു.

എ.ഡി.ജി.പി. മാരായ ആനന്ദകൃഷ്ണൻ, അനിൽ കാന്ത് ഐ.ജി.മാരായ മനോജ് എബ്രഹാം, പി വിജയൻ, ദിനേന്ദ്ര കശ്യപ്, വനിതാ ബറ്റാലിയൻ കമാന്റണ്ട് ആർ നിശാന്തിനി, പോലീസ് ഹെഡ്ക്വാർട്ടേഴ്സ് എ എ ഐ ജി തോംസൺ ജോസ്, എ ഐ ജി ശ്രീധരൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.




ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മികച്ച രീതിയിൽ പ്രവർത്തിച്ച കേരള പോലീസിനുള്ള മെമന്റോ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയ്ക്കു നൽകുന്നു.

**********************